ഭരണഭാഷ-മാതൃഭാഷ

നമ്പർ.400955/GADC11/GPO/2024/548/(2)

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

ചെറുവണ്ണൂർ
ചെറുവണ്ണൂർ മേപ്പയ്യൂർ.പി.ഓ
കോഴിക്കോട്
E-mail:secretary.cheruvannurgp@gmail.com

തീയതി : 21/02/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ
എൽ.എസ്.ജി.ഡി കോഴിക്കോട്

സർ,

വിഷയം:- ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് - നവകേരള സദസ്സ് മുഖേന ശ്രീ സി.വി അബ്ദുറഹിമാൻ സമർപ്പിച്ച പരാതി -മറുപടി നൽകിയത് അറിയിക്കുന്നത് സംബന്ധിച്ച്

ബഹു മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ സി.വി അബ്ദുറഹിമാൻ സമർപ്പിച്ച KZD 0240375 നമ്പർ പരാതിയ്ക്കുള്ള മറുപടി ഈ ഓഫീസിൽ നിന്നും 3/2/2024ന് പ്രസ്തുത അപേക്ഷകന് നേരിട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി യുടെ പകർപ്പ് ഇതോടൊപ്പം ചേർത്തയക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
ചെറുവണ്ണൂർ പി.ഒ. 673524
ഫോൺ - 0496 - 2775320

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400955/GADC11/GPO/2024/548/(1)

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്
ചെറുവണ്ണൂർ
ചെറുവണ്ണൂർ മേപ്പയൂർ.പി.ഓ
കോഴിക്കോട്
E-mail:secretary.cheruvannurgp@gmail.com

തീയതി : 03/02/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ. അബ്ദുറഹിമാൻ . സി.വി.
സി.വി. ഹൗസ്
ചെറുവണ്ണൂർ (പി.ഒ)

സർ,

വിഷയം:- പേരാമ്പ്ര നിയോജക മണ്ഡലം –ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് – കെസെഡ് ഡി 0240375– സംബന്ധിച്ച്

സൂചന:- താങ്കൾ 24/11/23 തിയ്യതിയിൽ നവകേരള സദസ്സിൽ സമർപ്പിച്ച നവകേരള സദസ്സ് – പേരാമ്പ്ര നിയോജക മണ്ഡലം –ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് – കെസെഡ് ഡി 0240375 – നമ്പർ പരാതി .

താങ്കൾ നവ കേരള സദസ്സിൽ സമർപ്പിച്ച പരാതിയിൽ സൂചിപ്പിച്ച പെർമിറ്റ് നം ബി എൽ 2144/2015-16 തിയ്യതി 24/07/2015 പ്രകാരം 193.06 ച.മീ നിലവിലുള്ള കെട്ടിടത്തിൻറെ മുകളിൽ 189.7 ച. മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിർമ്മാണ അനുമതി അനുവദിച്ചിട്ടുള്ളതാണ്.13/09/2017 ന് പ്രസ്തുത ഒക്യുപെൻസിക്ക് അപേക്ഷിച്ചപ്പോൾ നിർമ്മാണം നടത്തിയ സ്ഥലം നഞ്ച ഭൂമിയായതിനാൽ ഭൂമിയുടെ തരം മാറ്റി ലഭ്യമാക്കുന്നതിന് ഈ ഓഫീസിൽ നിന്നും താങ്കളെ അറിയിച്ചിരുന്നു . ആയത് പ്രകാരം വടകര ആർ ഡി ഒ യുടെ 22/03/2022 ലെ RDOVDK/2640/2021-G2 ഉത്തരവ് പ്രകാരം 9.75ആർ ഭൂമി സ്വഭാവ വ്യതിയാനം വരുത്തി. പുരയിടം എന്ന് തരം മാറ്റി ഉത്തരവായിട്ടുണ്ട്.ഇതിൻറെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുന്നതിനായി 26/12/2022 ന് അപേക്ഷ ലഭ്യമാക്കുകയും 24/05/2023 ന് എൽ എസ് ജി ഡി ഓവർസിയർ സൈറ്റ് പരിശോധന നടത്തുകയും താഴെ പറയുന്ന ന്യൂനതകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

1) ലഭ്യമാക്കിയ കംപ്ലീഷൻ പ്ലാനിലെ ഓപ്പൺ സ്പെയ്സ് അളവുകളും സൈറ്റിലെ അളവുകളും തമ്മിൽ യോജിക്കുന്നില്ല.സൈറ്റിലെ ഓപ്പൺ സ്പെയ്സ് അളവുകൾ രേഖപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ

ലഭ്യമാക്കിയിട്ടില്ല.(റൂൾ 27 കെ പി ബി ആർ 2011)

2)റൂൾ 28(10) (കെ പി ബി ആർ 2011) പ്രകാരം മുകളിലെ നിലയിലേക്കുള്ള പ്രവേശന മാർഗ്ഗം 1.20 മീറ്റർ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ സൈറ്റിൽ 0.98 മീ മാത്രമേ ലഭ്യമാകുന്നുള്ളൂ.

3) റൂൾ 102 (കെ പിബിആർ 2011) പ്രകാരം മഴ വെള്ള സംഭരണ സംവിധാനം സൈറ്റിൽ നടത്തിയിട്ടില്ല .

4) ശുചീകരണ സൌകര്യങ്ങൾ,ബാത്ത് റൂം,മൂത്രപ്പുരകൾ,വാഷ് ബേസിൻ എന്നിവ പൂർത്തീകരിച്ചിട്ടില്ല.

5)റൂൾ 38 പ്രകാരമുള്ള പാർക്കിങ്ങ് സ്ഥലം നിലവിൽ കംപ്ലീഷൻ പ്ലാനിൽ കാണിച്ചത് സൈറ്റിൽ ലഭ്യമാകുന്നില്ല.

6) സ്കൂട്ടർ പാർക്കിങ്ങ് ഏരിയ പ്ലാനിൽ കാണിച്ചിട്ടില്ല.

7) ആക്സസ് വിഡ്ത്ത് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടില്ല.

8) RWHS സംവിധാനം കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടില്ല.

9) റോഡിന് സ്ഥലം വിട്ട് കൊടുത്തത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

10) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ( ബി ) പാലിക്കുന്നില്ല.

11) അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നത്.നിർമ്മാണം നടത്തിയത് പ്രകാരമുള്ള പ്ലാൻ

ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ 12/06/2023 ന് ഈ ഓഫീസിൽ നിന്നും താങ്കളെ അറിയിച്ചിട്ടുണ്ട്. ആയത് നാളിതുവരെ പരിഹരിച്ച് ഈ ഓഫീസിൽ ലഭ്യമാക്കാത്തതിനാലാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കാൻ കഴിയാത്തത് എന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുമേഷ് കെ

സെക്രട്ടറി

സെക്രട്ടറി
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
ചെറുവണ്ണൂർ പി.ഒ. 673-524
ഫോൺ - 0496 - 2775320